സ്ലേറ്റ്

## നിലവാരം

ഗർവോടെ നിലത്ത് ആഞ്ഞു ചവിട്ടിയ അയാളുടെ കാൽ വേദനയാൽ പുളഞ്ഞു..

നിലം പിളർത്തി പുറത്തുവന്ന ഒരു കുഞ്ഞിത്തൈ അയാളെ നോക്കി കളിയാക്കി ചിരിച്ചു..

**❙ യൂസുഫ് പുലാപ്പറ്റ**

## മരണാനന്തരം

**❙ ജാനിബ് ജമാൽ**

**ഒ**രുപാട് കാത്തിരിപ്പിനുശേഷം
ഒടുവിൽ കൈയെത്തും ദൂരത്തെത്തിയപ്പോൾ
അനുഭവിക്കും മുമ്പ് മരിച്ചുപോയി
ഭാഗ്യമെന്നു പേരിട്ട നിമിഷം

**അർഥം**
ദിവസങ്ങളുടെ കുതിപ്പിൽ
തിരക്കിന്റെ തിരകളിൽ
സമാധാനം സമം ധനമെന്നുലകം
പഠിപ്പിച്ച് പറ്റിച്ചു

**ആത്മകഥ**
കണ്ടിട്ടും കാണാത്ത കാഴ്ചയിലൂടെ
കേട്ടിട്ടും കേൾക്കാത്ത കേൾവിയിലൂടെ
അക്ഷരസത്യങ്ങൾ
നൂൽപാലത്തിലൂടെ കടന്നുപോയപ്പോൾ
അറിഞ്ഞിട്ടുമറിയാത്തമാതിരി
നടിച്ചു ഹൃദയം

നനഞ്ഞു നേർത്ത
തുണിപോലത്തെയാത്മാവ്
പൊൻമുള്ളുകളിൽ കുരുങ്ങി
കീറി കണ്ടം തുണ്ടമായത്
പ്രണയപൂക്കൾ പൊട്ടിക്കാൻ
പോയപ്പോളെന്ന്
സ്വർഗത്തിലെ മരണറിപ്പോർട്ട്
■

## ചില ഉത്തരങ്ങൾ

**❙ ബുഖാരി ധർമഗിരി**

**ഞാ**നൊരു
പച്ചമരത്തോടു ചോദിച്ചു:
നീ പച്ചക്കുനിൽക്കെ,
നിന്റെ ഇലകൾ
കൊഴിഞ്ഞുതീർന്നതെങ്ങനെ?
നിന്റെ പൂവുകൾ
കരിഞ്ഞു പോയതെങ്ങനെ?

പച്ചമരം
ഉത്തരം പറയാതെ
വിളറിച്ചിരിച്ചു,
എന്നിട്ട് ഇടം കണ്ണിട്ട്
പുഴക്കക്കരെ സമൃദ്ധമായി
പുകയൂതുന്ന
ഫാക്ടറി കുഴലിലേക്കു നോക്കി...
പച്ചമരം ഇടംകണ്ണിട്ട് നോക്കിയതും
ആകാശത്തുനിന്ന്
വിഷപ്പുക കണ്ണുരുട്ടി കാണിച്ചു
ഇത്രയും കഴിഞ്ഞപ്പോൾ
പച്ചമരം എന്നോട് പറഞ്ഞു:
എന്റെ ഇലകൾ കൊഴിഞ്ഞിട്ടില്ല;
ഞാൻ പൂത്തുലഞ്ഞു നിൽക്കുകയാണ്
എന്റെ പൂവും കനികളും
മനുഷ്യരും മൃഗങ്ങളും പക്ഷികളും....!
■

